"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഡി.സി.1/188/2020/ത.സ്വ.ഭ.വ.
തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 20/04/2020

## സർക്കുലർ

വിഷയം:- ത.സ്വ.ഭ.വ. - കോവിഡ്-19 - വിവിധ സ്രോതസ്സുകളിൽ നിന്നും ബയോ മെഡിക്കൽ മാലിന്യവും ഖരമാലിന്യവും ശേഖരിച്ച് സംസ്കരിക്കുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന:- 1.സ.ഉ.കൈ.(നം.)55/2020/ത.സ്വ.ഭ.വ. തീയതി 20/03/2020

2.സർക്കുലർ നം.ഡി.സി.1/71/2020/ത.സ്വ.ഭ.വ. തീയതി 26/03/2020

3.ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016

4.കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ No.B.31011/BMW(94)/2020/WM-1 തീയതി 25/03/2020 പ്രകാരം കോവിഡ്-19 രോഗികളുടെ മാലിന്യം കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗരേഖ.

5.കേന്ദ്ര പാർപ്പിട നഗരകാര്യ മന്ത്രാലയത്തിന്റെ 26/03/2020 -ലെ മാർഗ്ഗനിർദ്ദേശങ്ങൾ.

സൂചന 1, 2 പ്രകാരം സംസ്ഥാനത്ത് കൊറോണ വൈറസ് ബാധ (കോവിഡ്-19) പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളും ഉത്തരവാദിത്തങ്ങളും സംബന്ധിച്ച് ഉത്തരവും മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ്-19ന്റെ അതിജീവന കാലഘട്ടത്തിൽ രോഗപ്രതിരോധവും രോഗീ പരിപാലനവുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഇതിന്റെ ഭാഗമായും ധാരാളം മാലിന്യങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. രോഗ പ്രതിരോധത്തിൽ ഏറ്റവും വലിയ ഘടകമാണ് ശാസ്ത്രീയ മാലിന്യ സംസ്കരണം. കോവിഡ് ആശുപത്രികൾ / ഫസ്റ്റ് ലെയിൻ ട്രീറ്റ്മെന്റ് സെന്ററുകൾ (CFLTC), ഐസൊലേഷൻ യൂണിറ്റുകൾ, ക്വാറന്റൈൻ വീടുകൾ, താത്കാലിക കോവിഡ് സാമൂഹ്യ കേന്ദ്രങ്ങൾ മുതലായ ഇടങ്ങളിൽ നിന്നും വരുന്ന ബയോ മെഡിക്കൽ മാലിന്യങ്ങൾ എല്ലാം തന്നെ കോവിഡ് മാലിന്യമായി പരിഗണിക്കണം. ഇവയെല്ലാം സൂചന ഉത്തരവുകളും നിയമങ്ങളും മാർഗനിർദ്ദേശങ്ങളും അനുശാസിക്കും പ്രകാരം കൈകാര്യം ചെയ്യുകയും സംസ്കരിക്കുകയും വേണം. അവ ശാസ്ത്രീയമായി സംസ്കരിക്കപ്പെടുന്നതിലേക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

സൂചന 4 പ്രകാരം കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് കോവിഡ്-19 രോഗികളുടെ മാലിന്യം കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന 5 പ്രകാരം കേന്ദ്ര പാർപ്പിട നഗരകാര്യ മന്ത്രാലയം ലോക്ഡൌൺ കാലഘട്ടത്തിൽ ശുചിത്വ പരിപാലനത്തിനായുള്ള പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖകളും സൂചന 3-ൽ പരാമർശിച്ചിട്ടുള്ള ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് റൂൾസിലെ വ്യവസ്ഥകളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കിയ കോവിഡ് മാലിന്യ പരിപാലന സംസ്കരണ മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

I.കോവിഡ് മാലിന്യത്തിന്റെ സ്രോതസ്, തരം, ഇനം, സംസ്കരണ രീതി എന്നിവ അനുബന്ധമായി ചേർക്കുന്നു.

<u>II.ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയുടെ ചുമതലകൾ</u>

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന കോവിഡ് ആശുപത്രികൾ, നിരീക്ഷണ കേന്ദ്രങ്ങൾ, ക്വാറന്റൈൻ വീടുകൾ എന്നിവിടങ്ങളിലേക്ക് ശുചിത്വ സംബന്ധിയായ അടിസ്ഥാന സൌകര്യങ്ങൾ (ബ്ലീച്ചിംഗ് സൊല്യൂഷൻ, സോഡിയം ഹൈപ്പോ ക്ലോറേറ്റ് ലായനി, മാലിന്യ ശേഖരണത്തിനുള്ള കളർ കോഡുള്ള ബാഗുകൾ തുടങ്ങിയവ) ഒരുക്കുന്നതിന് ആരോഗ്യ വകുപ്പുമായി സഹകരിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.
- അനുബന്ധം പ്രകാരം കോവിഡ് മാലിന്യങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിന് ആരോഗ്യ വകുപ്പിന്റെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും പ്രോട്ടോക്കോൾ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.
- കോവിഡ് മാലിന്യ സംസ്കരണത്തിന് ഇമേജ് എന്ന ഏജൻസിയുടെ സേവനം ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ഉറപ്പാക്കണം.
- ഉപയോഗ ശേഷം മാസ്കുകളും ഗ്ലൌസുകളും വലിച്ചെറിയുന്ന പ്രവണത നിർബ്ബന്ധമായും ഒഴിവാക്കേണ്ടതുണ്ട്. അതിനായി ഉപയോഗിച്ച ഡിസ്പോസിബിൾ മാസ്കുകളും ഗ്ലൌസുകളും ക്വാറന്റൈൻ വീടുകൾ, കോവിഡ് ആശുപത്രികൾ, ഐസോലേഷൻ യൂണിറ്റുകൾ, താത്കാലിക ക്വാറന്റൈൻ സാമൂഹിക കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ തന്നെ അണുവിമുക്തമാക്കി സൂക്ഷിക്കുകയും ഇമേജ് മുഖേന സുരക്ഷിതമായി സംസ്കരിക്കുന്നതിന് നടപടി സ്വീകരിക്കുകയും വേണം. ഇപ്രകാരമുള്ള മാസ്കുകൾ, ഗ്ലൌസുകൾ തുടങ്ങിയവ ഇമേജ് മുഖേന സംസ്കരിക്കുന്നതിന് സാധിക്കാത്ത സാഹചര്യം ഉണ്ടെങ്കിൽ അവ അണുവിമുക്തമാക്കി "ഡീപ് ബറിയൽ" ചെയ്യാവുന്നതാണ്.
- തുണി മാസ്കുകൾ അണുവിമുക്തമാക്കി അതാത് വ്യക്തികൾ തന്നെ ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകണം.
- കോവിഡ് മാലിന്യം നീക്കം ചെയ്യുന്ന ഏജൻസിക്ക് തടസ്സങ്ങളില്ലാതെ പ്രവർത്തിക്കുന്നതിന് സൌകര്യമൊരുക്കണം.
- കോവിഡ് മാലിന്യ നീക്കത്തിനായി ആരോഗ്യ വകുപ്പ്, ഇമേജ് എന്നിവരുമായി സഹകരിച്ചു കൊണ്ട് അടച്ചുറപ്പുള്ള വാഹനങ്ങൾ സൌകര്യപ്പെടുത്തണം. ഇവ

ദിവസേന വൃത്തിയാക്കി അണുനശീകരണം നടത്തേണ്ടതാണ്.

- കോവിഡ് മാലിന്യം ശേഖരിക്കുന്നവർ വ്യക്തിഗത സുരക്ഷാ സംവിധാനങ്ങളായ (Personal Protection Equipment) മൂന്ന് ലെയറുകളുള്ള മാസ്കുകൾ, ഏപ്രണുകൾ - ഗൌണുകൾ, ഹെവി ഡ്യൂട്ടി ഗ്ലൌസുകൾ, ഗംബൂട്ട്, സേഫ്റ്റി കണ്ണടകൾ എന്നിവ ഉപയോഗിക്കുന്നുണ്ടെന്ന് ആരോഗ്യ വകുപ്പുമായി ചേർന്ന് ഉറപ്പു വരുത്തേണ്ടതാണ്.
- കോവിഡ് സെന്ററുകൾക്ക് ആവശ്യമായ വെവ്വേറെ നിറങ്ങളിലുള്ള മാലിന്യ ശേഖരണ ബാഗുകളും സംഭരണികളും ലഭ്യമാക്കാവുന്നതാണ് (ബയോ മെഡിക്കൽ മാലിന്യത്തിനും ഖരമാലിന്യത്തിനും). അവ ഇന്ത്യൻ സ്റ്റാൻഡേർഡ് പ്രകാരം ഉള്ളവ ആയിരിക്കണം. ബയോ മെഡിക്കൽ മാലിന്യങ്ങൾ ശേഖരിക്കേണ്ട ബാഗുകൾ, രീതി എന്നിവ ആരോഗ്യ വകുപ്പിന്റെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും പ്രോട്ടോക്കോൾ പ്രകാരമാണെന്ന് ഉറപ്പാക്കണം.
- കോവിഡ് സെന്ററുകളിലെ ജൈവ മാലിന്യത്തെ രണ്ടായി തരം തിരിക്കണം. 1. കോവിഡ് കേന്ദ്രങ്ങളിലെ ക്യാന്റീനിലെയും ജീവനക്കാരുടെയും ഭക്ഷണ മാലിന്യം. 2. കോവിഡ് രോഗികളുടെ ഭക്ഷണ മാലിന്യം. ഒന്നാം വിഭാഗത്തിലെ ജൈവ മാലിന്യം അതാത് ഇടങ്ങളിൽ കമ്പോസ്റ്റ് / ബയോഗ്യാസ് ആക്കണം. രണ്ടാം വിഭാഗത്തിലെ ജൈവ മാലിന്യം ഇമേജിന് കൈമാറണം. ഇവ നിർമ്മാർജ്ജനം ചെയ്യുന്നതിന് ഡീപ്പ് ബറിയൽ കൂടി പരിഗണിക്കാവുന്നതാണ്. എല്ലാത്തരം അജൈവ മാലിന്യങ്ങളും (ബയോ മെഡിക്കൽ ഒഴികെ) അണുവിമുക്തമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിച്ച് സുരക്ഷിതമായി കൈകാര്യം ചെയ്യണം. രോഗാണുക്കളുടെ സാന്നിദ്ധ്യം ഒഴിവാക്കാനുള്ള മുൻകരുതലായി മാലിന്യം ശേഖരിച്ച ബാഗുകളും സംഭരണികളും ഡിസ്ഇൻഫെക്ട് ചെയ്ത് പ്രത്യേകം നിശ്ചയിക്കപ്പെട്ടയിടത്തിൽ സൂക്ഷിക്കണം.
- ലോക്ക് ഡൌൺ കാലം അവസാനിക്കുന്നതോടുകൂടി എം.സി.എഫ്. - ആർ.ആർ.എഫ്.കളിൽ നിന്നും ക്ലീൻ കേരള കമ്പനി അജൈവ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള നടപടി പുനരാരംഭിക്കണം. പുന:ചംക്രമണ സാദ്ധ്യമല്ലാത്ത ലെഗസി മാലിന്യം നീക്കം ചെയ്യുന്നതിന് സർക്കാർ നിശ്ചയിച്ച ഫീസ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്ലീൻ കേരള കമ്പനിക്ക് നൽകേണ്ടതാണ്.
- കോവിഡ് ആശുപത്രികൾ / ഐസോലേഷൻ യൂണിറ്റുകൾ, കോവിഡ് കെയർ കേന്ദ്രങ്ങൾ, ക്വാറന്റൈൻ വീടുകൾ എന്നീ സ്ഥലങ്ങളും പൊതുയിടങ്ങളും നിശ്ചിത ഇടവേളകളിൽ ശുചീകരിക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തണം. ഇതിനായി അണുനാശിനി (1% സോഡിയം ഹൈപ്പോക്ലോറേറ്റ് ലായനി) സംഭരിക്കേണ്ടതാണ്.
- ഓരോ ഗ്രാമപഞ്ചായത്തും മുനിസിപ്പാലിറ്റിയും മുനിസിപ്പൽ കോർപ്പറേഷനും കോവിഡ് ആശുപത്രികൾ / ഐസോലേഷൻ യൂണിറ്റുകൾ, കോവിഡ് കെയർ കേന്ദ്രങ്ങൾ, ക്വാറന്റൈൻ വീടുകൾ എന്നിവിടങ്ങളിലെ മാലിന്യ സംസ്കരണ സജ്ജീകരണങ്ങളുടെ വിവരങ്ങൾ സൂക്ഷിക്കേണ്ടതും അവ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് സമയാസമയം കൈമാറേണ്ടതുമാണ്.
- ക്വാറന്റൈൻ വീടുകൾ, കോവിഡ് കെയർ കേന്ദ്രങ്ങൾ, നിരീക്ഷണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്നവർക്ക് ഉപയോഗിച്ച മാസ്കുകൾ, കൈയ്യുറകൾ,

ഉപയോഗശൂന്യമായ അജൈവ വസ്തുക്കൾ തുടങ്ങിയവ ഉൾപ്പെടെ അണുനശീകരണം ചെയ്യുന്ന രീതി സംബന്ധിച്ച് കൃത്യമായ ബോധവല്ക്കരണം നൽകേണ്ടതാണ്.

- കോവിഡ് നിരീക്ഷണ കേന്ദ്രങ്ങൾ, CFTC തുടങ്ങിയ താത്കാലിക സാമൂഹ്യ കേന്ദ്രങ്ങളിലും നിരീക്ഷണത്തിൽ കഴിയുന്നവരുടെയോ രോഗികളുടെയോ സമ്പർക്കം ഉണ്ടാകാത്ത അജൈവ മാലിന്യങ്ങൾ ശുചിയാക്കി പുന:ചംക്രമണത്തിന് നൽകേണ്ടതാണ്.
- അണുനാശിനി ലഭ്യമല്ലാത്ത ക്വാറന്റൈൻ വീടുകൾക്ക് അവ ലഭ്യമാക്കാവുന്നതാണ്.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2020.04.21 12:21:17 IST
Reason: Approved
സെക്ഷൻ ഓഫീസർ.

ശാരദ മുരളീധരൻ ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിത കേരളം മിഷൻ
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റികൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്.
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ ആരോഗ്യ വകുപ്പ്
ചീഫ് ടൌൺ പ്ലാനർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ ജനറൽ, കില
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
ഡയറക്ടർഐ&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)

അനുബന്ധം

## ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് വിവിധ തരം കോവിഡ് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ

| ക്രമ. നം. | ഉറവിട കേന്ദ്രങ്ങൾ | രൂപപ്പെടുന്ന മാലിന്യത്തിന്റെ തരം, ഇനം, സംസ്കരണ രീതി | | |
|---|---|---|---|---|
| | | ജൈവം (ഭക്ഷണാവിശിഷ്ടം, അഴുകുന്ന മറ്റ് വസ്തുക്കൾ) | അജൈവം (പ്ലാസ്റ്റിക്, ലോഹം, ചില്ല്, പായ്ക്കിംഗ് വസ്തുക്കൾ) | ബയോ മെഡിക്കൽ (മാസ്ക്, ഗ്ലൗസ്, ഗുളിക സ്ട്രിപ്പുകൾ ഉൾപ്പെടെ ) |
| 1. | കോവിഡ് – സാമൂഹ്യ കേന്ദ്രങ്ങൾ / ഫസ്റ്റ് ലെയിൻ ട്രീറ്റ്മെന്റ് സെന്ററുകൾ (CFLTC) | • പൊതു ജൈവ മാലിന്യം അതാത് ഇടങ്ങളിൽ വളമാക്കണം<br>• കോവിഡ് രോഗികളുടെ ജൈവ മാലിന്യം ജില്ലാ മെഡിക്കൽ ഓഫീസറുടെ സഹകരണത്തോടെ ഇമേജ് മുഖാന്തിരം | ആരോഗ്യ വകുപ്പിന്റെ പ്രോട്ടോക്കോൾ പ്രകാരം അണുവിമുക്തമാക്കി ജില്ലാ മെഡിക്കൽ ഓഫീസറുടെ സഹകരണത്തോടെ ഇമേജ് മുഖാന്തിരം | ജില്ലാ മെഡിക്കൽ ഓഫീസറുടെ സഹകരണത്തോടെ ഇമേജ് മുഖാന്തിരം |
| 2. | കോവിഡ് ആശുപത്രികൾ / ഐസൊലേഷൻ വാർഡുകൾ | • പൊതു ജൈവ മാലിന്യം അതാത് ഇടങ്ങളിൽ വളമാക്കണം<br>• കോവിഡ് രോഗികളുടെ ജൈവ മാലിന്യം ജില്ലാ മെഡിക്കൽ ഓഫീസറുടെ സഹകരണത്തോടെ ഇമേജ് മുഖാന്തിരം | ആരോഗ്യ വകുപ്പിന്റെ പ്രോട്ടോകോൾ പ്രകാരം അണുവിമുക്തമാക്കി ഇമേജിന് കൈമാറേണ്ടതാണ്. | ജില്ലാ മെഡിക്കൽ ഓഫീസറുടെ സഹകരണത്തോടെ ഇമേജ് മുഖാന്തിരം |
| 3. | ക്വാറന്റൈൻ – വീടുകൾ | • അതാത് വീടുകളിൽ തന്നെ വളമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കണം.<br>• സ്ഥലസൗകര്യമില്ലാത്തയിടങ്ങളിൽ നിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അണുവിമുക്തമാക്കി സുരക്ഷിതമായി ശേഖരിച്ച് പൊതു സംസ്കരണ കേന്ദ്രത്തിൽ വളമാക്കണം. | സോപ്പ് ലായനി / ബ്ലീച്ചിംഗ് സൊല്യൂഷൻ / സോഡിയം ഹൈപ്പോക്ലോറൈറ്റ് ലായനി എന്നിവ ഉപയോഗിച്ച് അണുവിമുക്തമാക്കിയ വസ്തുക്കൾ വീടുകളിൽ നിന്ന് സുരക്ഷിതമായി ശേഖരിച്ച് പരിപാലിക്കേണ്ടതാണ്. | ഉപയോഗിച്ച മാസ്ക്, കൈയുറ എന്നിവ സോപ്പ് ലായനിയിലോ/ ബ്ലീച്ചിംഗ് സൊലൂഷനിലോ 20 മിനിട്ട് നേരം മുക്കി വച്ച് അണുവിമുക്തമാക്കി (1 ലിറ്റർ വെള്ളത്തിൽ 3 ടീസ്പൂൺ ബ്ലീച്ചിംഗ് പൗഡർ ചേർത്ത ലായിനി / 0.5%) ഉണക്കി പ്രത്യേകം സീൽ ചെയ്ത ബോക്സിൽ സംഭരിച്ചത് ലോക്ക് ഡൗണിന് ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സുരക്ഷിതമായി ശേഖരിച്ച് ഇമേജ് മുഖാന്തിരം സംസ്കരിക്കേണ്ടതാണ്. |
| 4. | ലേബർ ക്യാമ്പുകൾ | • അതാത് ഇടങ്ങളിൽ തന്നെ താത്ക്കാലിക / സ്ഥിര ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ / കുഴി കമ്പോസ്റ്റ് സ്ഥാപിച്ച് വളമാക്കുക. | ബ്ലീച്ചിംഗ് സൊല്യൂഷനോ സോപ്പ് ലായനിയോ ഉപയോഗിച്ച് അണുവിമുക്തമാക്കി ഉണക്കി വൃത്തിയാക്കിയ വസ്തുക്കൾ ലോക്ക് ഡൗൺ കാലാവധിക്ക് ശേഷം തദ്ദേശസ്വയം | ഉപയോഗിച്ച മാസ്ക്, കൈയുറ എന്നിവ സോപ്പ് ലായനിയിലോ/ ബ്ലീച്ചിംഗ് സൊലൂഷനിലോ 20 മിനിട്ട് നേരം മുക്കി വച്ച് അണുവിമുക്തമാക്കി ഉണക്കി പ്രത്യേകം സീൽ |

| ക്രമ. നം. | ഉറവിട കേന്ദ്രങ്ങൾ | രൂപപ്പെടുന്ന മാലിന്യത്തിന്റെ തരം, ഇനം, സംസ്കരണ രീതി | | |
|---|---|---|---|---|
| | | ജൈവം (ഭക്ഷണാവിശിഷ്ടം, അഴുകുന്ന മറ്റ് വസ്തുക്കൾ) | അജൈവം (പ്ലാസ്റ്റിക്, ലോഹം, ചില്ല്, പായ്ക്കിംഗ് വസ്തുക്കൾ) | ബയോ മെഡിക്കൽ (മാസ്ക്, ഗ്ലൗസ്, ഗുളിക സ്ട്രിപ്പുകൾ ഉൾപ്പെടെ ) |
| | | • ശുചിമുറികളിൽ വെള്ളം, സോപ്പ്, ശുചിത്വം എന്നിവ ഉറപ്പാക്കേണ്ടതാണ്.<br>• പൊതു ശുചിത്വം പാലിക്കേണ്ടതാണ്. | ഭരണ സ്ഥാപനങ്ങൾ ശേഖരിക്കേണ്ടതാണ്. | ചെയ്ത ബോക്സിൽ സംഭരിച്ചത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലോക്ക് ഡൗൺ കാലാവധിക്ക് ശേഷം സുരക്ഷിതമായി ശേഖരിച്ച് ഇമേജ് മുഖാന്തിരം സംസ്കരിക്കേണ്ടതാണ്. |
| 5. | സമൂഹിക അടുക്കള | • അതാത് ഇടങ്ങളിൽ തന്നെ താത്ക്കാലിക / സ്ഥിര ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ / കുഴി കമ്പോസ്റ്റ് സ്ഥാപിച്ച് വളമാക്കുക.<br>• പൊതു ശുചിത്വം പാലിക്കേണ്ടതാണ് | ബ്ലീച്ചിംഗ് സൊല്യൂഷനിലോ സോപ്പ് ലായനിയിലോ അണുവിമുക്തമാക്കി ഉണക്കി വൃത്തിയാക്കിയ വസ്തുക്കൾ ലോക്ക് ഡൗൺ കാലാവധിക്ക് ശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ശേഖരിക്കേണ്ടതാണ്. | ഉപയോഗിച്ച മാസ്ക്, കൈയുറ എന്നിവ സോപ്പ് ലായനിയിലോ ബ്ലീച്ചിംഗ് സൊലൂഷനിലോ 20 മിനിട്ട് നേരം മുക്കി വച്ച് അണുവിമുക്തമാക്കി ഉണക്കി പ്രത്യേകം സീൽ ചെയ്ത ബോക്സിൽ സംഭരിച്ചത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സുരക്ഷിതമായി ഇമേജ് മുഖാന്തിരം സംസ്കരിക്കേണ്ടതാണ്. |